
Monthly Price Rs. 4/- 2008

# ബൈബിൾ ദൂതൻ



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ “പാപമോചനം”

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

Editors

P.K. VARGHESE — J.C. CHOATE

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 23 — July 2008 — No. 4

## എഡിറ്റോറിയൽ

ആനുകാലിക സംഭവങ്ങളിൽ നിറഞ്ഞു നില്ക്കുന്ന കാര്യങ്ങളിൽ ജനങ്ങളുടെ കണ്ണു തുറപ്പിക്കുന്നവയാണ് ഇന്നു മാധ്യമങ്ങളിലൂടെ ഉയർന്നു വരുന്നത്. നമ്മുടെ സമൂഹം ലോക ദൃഷ്ടിയിൽ അറിയപ്പെട്ടിരുന്നത് മറ്റൊരു വിധത്തിലാണ്. നമ്മുടെ പൂർവ്വികന്മാരുടെ ജീവിത രീതികൾ മഹത്വകരമായിരുന്നു. പക്ഷെ ഇന്നത്തെ ആളുകളുടെ ജീവിതം അതിൽ നിന്നെല്ലാം വ്യത്യസ്തമായിരിക്കുന്നു. വിദ്യാഭ്യാസത്തിലും പ്രാഗത്ഭ്യത്തിലും മലയാളികൾ ലോകമെങ്ങും അറിയപ്പെടുന്നുണ്ട്. എന്നാൽ ഇന്നു ദുഷ്കീർത്തിയിലാണ് അറിയപ്പെടുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പണ്ടു വിദ്യാഭ്യാസമില്ലാത്തവർക്കിടയിൽ മാത്രം ഉണ്ടായിരുന്നതാണെങ്കിൽ ഇന്നു വിദ്യാഭ്യാസമുള്ളവരും പൊതുരംഗത്തു പ്രവർത്തിക്കുന്നവരും അതിനു വിധേയരായിക്കൊണ്ടിരിക്കുന്നു. എന്താണ് കാരണം എന്നു പരിശോധിക്കണം. സത്യത്തെ കുറിച്ചുള്ള അറിവില്ലായ്മയാണ് യഥാർത്ഥ കാരണം. ദൈവത്തെ കുറിച്ചു വെളിപ്പെടുത്തിയിരിക്കുന്നതും മനുഷ്യരെ കുറിച്ചു ദൈവം അരുളിച്ചെയ്തിരിക്കുന്നതും ആണ് ആളുകൾ അറിയേണ്ടത്. അത്ഭുതങ്ങളേയും അടയാളങ്ങളെയും കുറിച്ചു യഥാർത്ഥമായ അറിവില്ലാതിരിക്കുന്നതും ഒരു കാരണമാണ്. വ്യാജമായ അത്ഭുതങ്ങൾ പ്രചരിപ്പിച്ചു മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്നതു പണ്ടുമുണ്ട്, ഇന്നുമുണ്ട്.

ഇന്നു സംഘടനകൾ നിരവധിയുണ്ട്. പല പേരുകളിൽ പല പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മതപരവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ സംഘടനകൾ ഉണ്ട്. ചില മത സംഘടനകൾ രാഷ്ട്രീയ സംഘടനയെ മുതലെടുപ്പിനു ഉപയോഗിക്കുന്നു. ചില രാഷ്ട്രീയ സംഘടനകൾ മതസംഘടനയെ ചൂഷണം ചെയ്യുന്നുണ്ട്. രണ്ടും ഒരുപോലെ തെറ്റാണ്. മതം രാഷ്ട്രീയ ലക്ഷ്യത്തിനു ഉപയോഗിക്കുകയോ, മതം രാഷ്ട്രീയത്തെ തങ്ങളുടെ ലക്ഷ്യത്തിനായി ഉപയോഗിക്കുകയോ ചെയ്യരുത്. മതം മതപരമായ ഉദ്ദേശങ്ങൾക്കായി മാത്രം നിലകൊള്ളണം. അതുപോലെ രാഷ്ട്രീയം രാഷ്ട്രീയമായ ലക്ഷ്യത്തിനു നിലകൊള്ളണം. മറ്റൊന്ന് മതവും രാഷ്ട്രീയവും കൂട്ടിക്കുഴച്ചു പഠിപ്പിക്കുന്നവരുണ്ട്. ലൗകികമായ കാഴ്ച്ചപ്പാട് മതത്തോടു ചേർക്കരുത് എന്നതാണ് ദൈവേഷ്ടം. നാം ലോകത്തിലാണ് ജീവിക്കുന്നത്. അതേ സമയം ലോകത്തെ അതിന്റെ ഉദ്ദേശം മനസ്സിലാക്കി നാം ജീവിക്കണം. ദൈവത്തിൽ നിന്നു മതത്തെ മാറ്റി നിർത്താവുന്നതല്ല. മനുഷ്യന്റെ ഉള്ളിൽ ദൈവഭയവും ദൈവഭക്തിയും ഉണ്ട്. അതു പ്രകടിപ്പിക്കുന്ന രീതികൾ പല രീതിയിലായി പോകുന്നു എന്നതാണ് വാസ്തവം. അന്ധവിശ്വാസവും കപട ആത്മീയതയും വർദ്ധിക്കുവാനുള്ള കാരണം അതു തന്നെയാണ്. സമാധാനവും ആശ്വാസവും ഇല്ലാതെ വിഷമിക്കുന്നവർ ധാരാളമുണ്ട്. അവർ അത് ലഭിക്കുന്നതു എവിടെയാണെന്നു അന്വേഷിക്കും. അവർ ചെന്നു അകപ്പെടുന്നത് ഇത്തരം അബദ്ധ ജഢിലമായ സ്ഥാനങ്ങളിലായിരിക്കും.

മതത്തിന്റെ പേരിൽ വിവാദങ്ങൾ ധാരാളം ഉയർന്നു വരുന്നുണ്ട്. അതു നല്ലതിനാണ്. ദൈവം ആയിട്ടാണ് ദുഷ്പ്രചരണങ്ങളിലൂടെ ദുർമ്മാർഗ്ഗത്തിലൂടെ ചൂഷണം നടത്തുന്നവർ അവിടവിടെ വെളിപ്പെട്ടു വരുന്നത് സാധാരണക്കാരുടെ കണ്ണു തുറപ്പിക്കുന്നതിനാണ്. സത്യസന്ധരായ സത്യാന്വേഷികൾ ചെയ്യേണ്ടതു അവർ ദൈവവചനമായ സത്യം വായിച്ചു മനസ്സിലാക്കണം. ആരെന്തു പറഞ്ഞാലും അതു വചനത്തിലുണ്ടോ എന്നു പരിശോധിക്കണം. കേൾക്കുന്നതു കണ്ണടച്ചു വിശ്വസിക്കരുത്. എവിടെയെങ്കിലും അത്ഭുത രോഗശാന്തി ലഭിച്ചു എന്നു കേട്ടാൽ വിശ്വസിച്ചു ഓടരുത്. ഇന്ന് അത്ഭുതത്തിന്റേയും കാലമല്ല. പുതിയ നിയമത്തിൽ അരുളിച്ചെയ്ത ക്രിസ്തുവിന്റെ ഉപദേശമാണ് നിലവിലുള്ള നിയമം. അവയാണ് നാം അനു

സരിക്കേണ്ടത്. മനുഷ്യന്റെ സാമൂഹ്യ പ്രശ്നങ്ങൾ വാസ്തവത്തിൽ മറ്റൊന്നുമല്ല, പാപമാണ്. അതുകൊണ്ട് അടിസ്ഥാനപരമായി എല്ലാവരും സമാധാനപൂർവ്വമായി ജീവിക്കുവാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ. പാപത്തിൽ നിന്നു മോചനം വേണം. അതു മറ്റൊരു സംഘടനക്കും നല്കുവാൻ കഴിയുന്നതല്ല. ദൈവ വചനം അനുസരിച്ചാൽ മാത്രമെ അതു ലഭിക്കയുള്ളൂ. ഇന്നു അക്രമവും അനീതിയും ആളുകൾക്കിടയിൽ വർദ്ധിക്കുവാനുള്ള കാരണം അവരുടെ ജീവിത രീതിയാണ്.

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു പ്രവർത്തിച്ചതു ആ ഉദ്ദേശത്തോടെയാണ്. പക്ഷെ യേശുവിന്റെ പ്രവർത്തനങ്ങളെ അന്നത്തെ മനുഷ്യർക്കു ആത്മിയമായി കാണുവാൻ കഴിഞ്ഞില്ല. ഇന്നും അനേകർക്കു ക്രിസ്തുവിന്റെ ഉപദേശങ്ങളെ ആത്മിയമായി സ്വീകരിക്കുവാൻ കഴിയുന്നില്ല. പക്ഷെ അതിനു വേണ്ടതു ധൈര്യമാണ്. നമ്മുടെ മനസ്സിനെ ദൈവിക വഴിയിൽ ഉറപ്പിക്കണം. അതിനു വിശ്വാസം ഹൃദയത്തിൽ വേരൂന്നി വളരണം. പാപങ്ങളിൽ നിന്നു പൂർണ്ണമായി വിട്ടു നില്ക്കണം. യേശു ദൈവപുത്രനാണെന്നുള്ള വിശ്വാസം ഏറ്റു പറഞ്ഞു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണം. കർത്താവാണ് നമ്മെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കുന്നത്. തുടർന്നു അവന്റെ സഭയിൽ വചനപ്രകാരം വിശ്വസ്തമായി മരണത്തോളം ജീവിക്കണം. സകല പ്രശ്നങ്ങൾക്കും പരിഹാരം വരുത്തുവാൻ കഴിവുള്ള ദൈവത്തെയാണ് എല്ലാവരും മുറുകെ പിടിക്കേണ്ടത്.

✶

# ആരാധനയിൽ ചോദ്യം ചെയ്യാവുന്നവ

## J.C. ചോട്ട്

കർത്താവിന്റെ വഴിയിൽ മാത്രം ഒതുങ്ങി കാര്യങ്ങൾ ചെയ്യാൻ മനുഷ്യൻ തയ്യാറാകുന്നില്ല. അവൻ എല്ലായ്പ്പോഴും ചോദ്യം ചെയ്യുകയും, പരിചയപ്പെടുത്തുകയും, പരീക്ഷണ വിധേയമാക്കുകയും ചെയ്യും. ദൈവം അവരോടു ചെയ്യാൻ പറഞ്ഞിരിക്കുന്ന മാർഗ്ഗം വിട്ടുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതു. ഇതിന്റെ നല്ലൊരു ഉദാഹരണമാണ് ആരാധനയിൽ സംഭവിക്കുന്നത്.

ദൈവേഷ്ടം മനസ്സിലാക്കി ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാനാണ് നമ്മോടു പറഞ്ഞിരിക്കുന്നതു (യോഹന്നാൻ 4:24). എന്നാൽ മിക്കവാറും പേർ ഇതിനെ പരിമിതമാക്കാറാണ് പതിവ്. ആകയാൽ അവർ മനുഷ്യരുടെ ഉപദേശങ്ങളും കല്പനകളും അനുസരിച്ചു കൊണ്ടു ദൈവത്തെ ആരാധിക്കയും (മത്തായി 15:9) യാന്ത്രിക സംഗീതം, തപ്പുകൊട്ടൽ, കിട്ടാവുന്ന ആധുനിക ഉപകരണങ്ങൾ എല്ലാം ഓരോ ശബ്ദം പുറപ്പെടുവിക്കുമെങ്കിൽ അതെല്ലാം ഉപയോഗിച്ച് പാട്ടു പാടാനും ആഗ്രഹിക്കുന്നു. തങ്ങളുടെ അഭിരുചിയും വാസനയും അവർ ഇങ്ങനെയുള്ള കാര്യങ്ങളിൽ ഉപയോഗിക്കുന്നു.

ഇവിടെ എന്താണ് തെറ്റ്? നാം വാസ്തവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കാനാണോ അതോ നമ്മെ തന്നെ പ്രീതിപ്പെടുത്താനും മറ്റുള്ളവരെ രസിപ്പിക്കുന്നതിനുമാണോ അതു ഉപയോഗിക്കുന്നത്? പലരും മറന്നുപോകുന്നതു ഈ കാര്യങ്ങളെ തരം തിരിച്ചു കാണാത്തതുകൊണ്ടാണ്.

നാം ആരാധനക്കു വരുമ്പോൾ, നാം ഹൃദയത്തിൽ കർത്താവിനു പാട്ടുപാടി സ്തുതിക്കാൻ കർത്താവു പറഞ്ഞിരിക്കുന്നു (എഫെസ്യ ലേഖനം 5:19). എന്നാൽ ഈ യാന്ത്രിക ഉപകരണങ്ങൾ പാട്ടുപാടുമ്പോൾ ഉപയോഗിക്കുന്നതിലുള്ള തെറ്റ് എന്താണ്? ശരിയായി ഉപയോഗിച്ചാൽ തെറ്റില്ല. തണുത്ത നിർജ്ജീവമായ ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ടുപാടുവാൻ ദൈവം ആഗ്രഹിച്ചിരുന്നുവെങ്കിൽ അതു പുതിയനിയമത്തിൽ പറയുമായിരുന്നു. നാം അതു ആരാധനക്കു ഉപയോഗിക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല. നാം ചെയ്യുന്നതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനാണെങ്കിൽ അതു ദൈവത്തിന്റെ ഇഷ്ടപ്രകാരം ആയിരിക്കണം. ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്നതു ഇപ്പോൾ നിലവിലുള്ള നിയമമായ പുതിയ നിയമത്തിലാണ്. അതിൽ പറഞ്ഞിരിക്കുന്നതു വായിച്ച് മനസ്സിലാക്കി അതിൽ തൃപ്തിയടയുവാനാണ് നാം ശ്രമിക്കേണ്ടത്.

പാട്ടുപാടുമ്പോൾ ചിലർ രണ്ടുകൈയും കൂട്ടി അടിച്ചു പാടാറുണ്ട്. മറ്റു ചിലർ തമ്പേർ മുതലായ വാദ്യ ഉപകരണങ്ങൾ മൂലം താളം കൊഴുപ്പിച്ച് പാട്ടിന്റെ ലയം രസിപ്പിക്കാറുണ്ട്. ഇവ രണ്ടും

ഒരേ ഫലമാണ് ഉളവാക്കുന്നത്. കർത്താവിനു ഹൃദയത്തിൽ പാട്ടു പാടി സ്തുതിക്കുന്നതിനു അപ്പുറമായി ചിലതു ചെയ്യുന്നു എന്ന പ്രത്യേകതയാണ് ഇതിൽ എടുത്തു പറയുവാനുള്ളതു. എന്നാൽ കൈയടിയിൽ ആവേശം ഉണർത്തുകയും വർദ്ധിപ്പിക്കയും ചെയ്യുന്നതായി കാണാം. വിനോദരസം വരുത്തി എല്ലാവരേയും ഉത്തേജിപ്പിക്കയാണ് ചെയ്യുന്നത്. ഈ ശബ്ദങ്ങൾക്കിടക്കു പാട്ടുപാടലിൽ ഉൾപ്പെട്ടിട്ടുള്ള വാക്കുകളും മുങ്ങിപ്പോകും. ദൈവം ആഗ്രഹിക്കുന്ന ആരാധനാ രീതിയല്ല ഇതു എന്നു നിസ്സംശയം പറയാവുന്നതാണ്. തിരുവെഴുത്തുകളിൽ ഇത്തരത്തിൽ കയ്യടിച്ചോ ഉപകരണങ്ങൾ ഉപയോഗിച്ചോ പാട്ടുപാടി ദൈവത്തെ മഹത്വപ്പെടുത്തുന്നതായി പുതിയ നിയമത്തിൽ വായിക്കാൻ സാദ്ധ്യമല്ല. ദൈവത്തെ നമസ്ക്കരിച്ച ധാരാളം ഉദാഹരണങ്ങൾ ബൈബിളിലെ ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഒന്നും മുകളിൽ സൂചിപ്പിച്ച മാതൃകയിലുള്ള വാദ്യത്തോടുകൂടിയ സംഗീതം കാണുന്നില്ല.

എന്നാൽ ആരാധനയിൽ യാന്ത്രിക ഉപകരണങ്ങളുടെ ശബ്ദമോ? നാം അതു ഉപയോഗിക്കണമെന്നു ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ, തന്റെ സന്ദേശത്തിൽ അതു ഉൾപ്പെടുത്തുമായിരുന്നു എന്നതിനു തർക്കമില്ല. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതു ഒക്കെയും അവൻ വെളിപ്പെടുത്തിയിരിക്കുകയാണ് (2 പത്രൊസ് 1:3). മനുഷ്യശബ്ദത്തോടു കൂടെ ഇവ ഉപയോഗിച്ചാലുള്ള തെറ്റ് എന്താണ്? മനുഷ്യ നിർമ്മിതമായ ഈ ഉപകരണങ്ങൾ കൃത്രിമ ശബ്ദം പുറപ്പെടുവിക്കുന്നതിലേക്കു തിരിയുന്നു. മറ്റൊന്ന്, അവർ ഇതു ചെയ്യുന്നതു കർത്താവിന്റെ അംഗീകാരത്തോടെ അല്ല എന്നതാണ്. ആത്മിക വർദ്ധനവിനുവേണ്ടി നല്കപ്പെട്ട പാട്ടുപാടൽ, പ്രബോധനത്തിനും പഠിപ്പിക്കലിനും വേണ്ടിയുള്ള വാക്കുകൾ അടങ്ങുന്ന പാട്ടുകളായിരിക്കണം. അതിൽ കൂടെ പുറപ്പെടുന്ന വാക്കുകൾ ആശയ വിനിമയം വരുത്തുന്നതായിരിക്കണം. ഈ ഉദ്ദേശങ്ങൾക്കു വേണ്ടിയാണ് പാട്ടു പാടുവാൻ ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്നത്.

ദൈവത്തെ നാം എങ്ങനെ നമസ്ക്കരിക്കണമെന്നു അവനു ഒരു പദ്ധതി ഉണ്ട്. അതു വളരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുമുണ്ട്. അതു പുതിയതോ വ്യത്യസ്തമായതോ അല്ല. അടുത്തകാലത്തു

കണ്ടുപിടിക്കപ്പെട്ട ഒരു പുതിയ ശൈലിയുമല്ല ഇതു. മറിച്ച് ഈ തരത്തിൽ ദൈവത്തിനു ആദരവും പുകഴ്ച്ചയും നല്കുക എന്നത് കർത്താവിനാൽ നൽകപ്പെട്ട തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാകുന്നു. കർത്താവിനു അതിൽ മടുപ്പ് അനുഭവപ്പെടുന്നില്ല. മനുഷ്യർക്കാണ് ഉണർവ്വ് പോരാ, ജീവൻ പോരാ എന്നൊക്കെ വിചാരിച്ച് ചില മാറ്റങ്ങൾ വരുത്തുന്നതു. ദൈവം തന്റെ ഇഷ്ടത്തെ ആ രീതിയിൽ മാറ്റുന്നില്ല എന്നോർക്കണം. നാം ബുദ്ധിയുള്ളവരാണെങ്കിൽ കർത്താവിന്റെ കല്പനയനുസരിച്ച് അഥവാ അവന്റെ ഇഷ്ടത്തെ മാനിച്ച് നാം അവനെ ആരാധിക്കും. നാം അതു ഹൃദയപൂർവ്വം ചെയ്യുന്നുണ്ടെങ്കിൽ അതു പഴഞ്ചനായോ മടുപ്പ് ഉണ്ടാക്കുന്നതായോ നമുക്കു തോന്നുകയില്ല. പിന്നെയോ അതു എല്ലായ്പ്പോഴും നമുക്കു പുതുക്കവും ആവേശവും നൽകിക്കൊണ്ടിരിക്കും. കാരണം നാം കർത്താവിന്റെ വഴിയിൽ അവനെ പ്രസാദിപ്പിക്കുവാനാണല്ലോ ഇതു ചെയ്യുന്നതു.

ദൈവം തന്റെ വിശുദ്ധ രേഖകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒതുങ്ങി നിൽക്കുവാനാണ് നാം പഠിക്കേണ്ടത്. എഴുതിയിരിക്കുന്നതിനു അപ്പുറം ഭാവിച്ച് ഉയരാൻ നോക്കരുത്. അതു ദൈവസന്നിധിയിൽ കുറ്റകരമായി തീരും. നാം ക്രിസ്തുവിൽ ജീവിക്കുന്നവരായിരിക്കണം. ശാരീരിക ഇച്ഛക്കോ വികാരത്തിനോ നാം കീഴ്പ്പെടരുത്. ആത്മാവിനെ കരുതി ആത്മാവിന്റെ രക്ഷയെ വിചാരിച്ച് വേണം നാം ആത്മീയ ജീവിതം നയിക്കുവാൻ. നമുക്ക് ഉണർവ്വ് ആവശ്യമാണ്, ആവേശം ആവശ്യമാണ്. നമ്മുടെ ആരാധന ജീവൻ തുടിക്കുന്നതായിരിക്കണം. പക്ഷെ അതു കൃത്രിമമാകരുത്. ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന ഒന്നായിരിക്കണം. ഹൃദയത്തിൽ ദൈവത്തെ ധ്യാനിച്ചുകൊണ്ട് പുറപ്പെടുന്ന വാക്കുകൾ ദൈവത്തിനു സ്വീകാര്യമുള്ളതായിരിക്കണം. ദൈവം ഏതു രീതിയിൽ ആവശ്യപ്പെട്ടിരിക്കുന്നുവോ ആ രീതിയിൽ നമുക്ക് ദൈവത്തെ ആരാധിക്കുവാൻ വിഷമം ഒന്നുമില്ലല്ലോ. ദൈവം നമ്മെ ഓരോരുത്തരേയും അതിനു പ്രാപ്തി നൽകി അനുഗ്രഹിക്കട്ടെ.

# നിങ്ങളുടെ മനോഭാവമോ?

## ഡില്ലാർഡ് തർമാൻ

ചില യെഹൂദന്മാരോടു പൗലൊസ് പറഞ്ഞു: ദൈവവചനം ആദ്യം നിങ്ങളോടു പറയേണ്ടതു ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യജീവനു അയോഗ്യർ എന്നു വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു.(പ്രവൃത്തികൾ 13:46). ആ കാലത്തും ദൈവ വചനത്തെ തള്ളിക്കളഞ്ഞ ആളുകൾ ഉണ്ടായിരുന്നു. ആളുകൾ ദൈവവചനം സ്വീകരിക്കാതെ അവഗണിക്കുന്നതുകൊണ്ടു നാണിക്കേണ്ട സ്ഥിതിയില്ല. പൗലൊസിന്റെ മനോഭാവം വ്യക്തമാക്കുന്നത് അവന്റെ തുറന്ന പ്രസ്താവനകളാണ്. "സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ" (റോമർ 1:16). പൗലൊസ് തന്റെ ജീവിതം സുവിശേഷത്തിനായി നിലനിർത്തി. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ സംസാരിച്ചവനായിരുന്നു അവൻ (പ്രവൃത്തി 20:27). അതിന്റെ മാഹാത്മ്യം നല്ലതുപോലെ മനസ്സിലാക്കി എല്ലാ കാലത്തും ആ സന്ദേശത്തോടു മാന്യത പുലർത്തുകയും ചെയ്തു (1 കൊരിന്ത്യർ 15:1-13).

എന്നാൽ മതപരമായിട്ടുള്ള എന്റെ സ്നേഹിതരേ, നിങ്ങൾ ഇന്നും പദവികളിൽ ആണെങ്കിൽ, ഈ സന്ദർഭത്തിൽ നിങ്ങളുടെ മനോഭാവം എന്തായിരിക്കും എന്നു ചിന്തിച്ചുനോക്കുക. നിങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നതിനു എതിരെ ദൂഷണങ്ങളും ഉപദ്രവങ്ങളും തുടർച്ചയായി ഉണ്ടാകുമ്പോൾ നിങ്ങളുടെ പ്രഖ്യാപനങ്ങൾ തള്ളിപ്പറയാൻ നിങ്ങൾ തയ്യാറാകുമോ? സുവിശേഷം നിമിത്തം നിങ്ങളെ പീഡിപ്പിച്ച്, ക്ഷീണിതനായി തടവിലാക്കപ്പെടുമ്പോൾ നിങ്ങളുടെ മനോഭാവം മാറുമോ? ഇന്നത്തെ ആധുനിക മനുഷ്യരിലേക്കു ഈ ചോദ്യം നമുക്കു കൈമാറാം. അവരുടെ പ്രതികരണം എന്തായിരിക്കുമെന്ന് ആലോചിക്കട്ടെ.

യേശുക്രിസ്തു നിങ്ങളുടെ സമൂഹത്തിൽ വന്നു വ്യക്തിപരമായി സഭ സ്ഥാപിച്ചോ? പിന്നെ അവൻ സഭയെ സ്നേഹിക്കയും തന്നെത്താൻ സഭയ്ക്കുവേണ്ടി ഏൽപ്പിച്ചു കൊടുക്കയും ചെയ്തു എന്നു

പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? (എഫെസ്യർ 5:25), യേശു തന്റെ രക്തം കൊടുത്തു സമ്പാദിച്ച ദൈവത്തിന്റെ സഭയെക്കുറിച്ചു സംസാരിച്ചുവെങ്കിലോ? (പ്രവൃത്തി 20:28). അവനെ അനുഗമിച്ച തന്റെ ശിഷ്യന്മാർ ലോകത്തിലെങ്ങും സഞ്ചരിച്ചു മഹത്വം കൊടുത്തതു ഈ സഭയിൽ ആയിരുന്നു എന്ന് ഓർക്കുക. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ ആലയമാണ് അത് (1 തിമൊഥെയൊസ് 3:15). ഈ വെളിപ്പാട് അനുസരിച്ചു ഈ ഏകസഭയിലേക്ക് തിരിയുവാൻ നിങ്ങൾ തയ്യാറാകുമോ? അതോ എല്ലാ സഭകളും ഒരുപോലെയാണ് എന്ന വാദഗതിയിൽ ഒതുങ്ങി നിൽക്കുമോ? സഭക്ക് അകത്ത് ഒരാൾക്കു രക്ഷപ്രാപിക്കാൻ കഴിയുന്നതുപോലെ സഭയ്ക്കുപുറത്തും രക്ഷപ്രാപിക്കാൻ കഴിയുമെന്ന് നിങ്ങൾ വിചാരിക്കയാണോ? അതോ യേശുവിന്റെ വാക്കുകൾ സത്യസന്ധമായി സ്വീകരിച്ചു ഒരു ക്രിസ്ത്യാനിയായി തീരുവാനും അവന്റെ നിബന്ധനകൾക്കൊത്തവണ്ണം രക്തം കൊടുത്തു വാങ്ങിയ സഭയിൽ അംഗമായി തീരുവാനാണോ നിങ്ങൾ താല്പര്യപ്പെടുന്നത്? ദൈവത്തിനു മഹത്വം കൊടുക്കുന്ന രീതിയിൽ എല്ലാം ചെയ്യുവാൻ നിങ്ങളുടെ മനോഭാവത്തെ അനുവദിക്കുമോ?

യേശുക്രിസ്തു നിങ്ങളുടെ പ്രദേശത്തുവന്നു മതപരമായി നിലനിൽക്കുന്നതും താൻ സ്ഥാപിച്ചിട്ടില്ലാത്തതും ആയ ആചാരങ്ങളെ നിശിതമായി ഖണ്ഡിക്കുന്നു എന്നു വിചാരിക്കുക. അവൻ ഇന്നത്തെ മതാദ്ധ്യക്ഷൻമാരോട് സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്തതൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും എന്നു അരുളിച്ചെയ്താൽ നിങ്ങളുടെ പ്രതികരണ മനോഭാവം എന്തായിരിക്കും? ദുരുപദേഷ്ടാക്കൻമാരേയും അവരുടെ സഭകളെയും അവൻ എതിർക്കും എന്നോർക്കുക. തന്നിൽ വിശ്വസിക്കുന്ന ശിഷ്യന്മാർ എല്ലാവരും ഒന്നാകണം എന്നു കർത്താവ് അന്നു പ്രാർത്ഥിച്ചതുപോലെ, ഇന്നു പ്രാർത്ഥിക്കുകയാണെങ്കിൽ അനൈക്യത്തിന്റെയും ഭിന്നതയുടെയും വിത്തു വിതക്കുന്ന ഉപദേഷ്ടാക്കൻമാർക്കും അവരുടെ അനുയായികൾക്കും എന്തു സംഭവിക്കും? (യോഹന്നാൻ 17:23). നിങ്ങൾ കർത്താവിന്റെ ഏക സഭയിൽ അംഗമായി തീർന്നു അതിൽ നിന്നുകൊണ്ട് പ്രവർത്തിച്ചു ഏക സഭയുടെ ഐക്യതയ്ക്കുവേണ്ടി ജനത്തോട് നിങ്ങൾ യാചിക്കുമോ? ദുരഭിമാനവും ബന്ധുക്കളുടേയും

മറ്റും സമ്മർദ്ദങ്ങൾ അതിജീവിച്ച് യേശുക്രിസ്തു ഒരുക്കിത്തീർത്ത ക്ഷമാപണ പദ്ധതിയുടെ നിബന്ധനകൾ അനുസരിക്കുവാനും മറ്റുള്ളവരെ അനുസരിപ്പിക്കുവാനും നിങ്ങൾ തയ്യാറാകുമോ?

നിങ്ങളുടെ സമൂഹത്തിൽ കർത്താവ് വരികയും ഒരു പ്രസംഗം നടത്തുകയും ചെയ്യുന്നു എന്നു ധരിക്കുക. അവന്റെ പ്രസംഗവിഷയം 'വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും' എന്നതായിരുന്നു. ഇതു കേട്ടിട്ടു നിങ്ങൾ വിശ്വസിക്കുകയും സ്നാനപ്പെടാതിരിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു നിങ്ങൾ ചാടിക്കയറി പറയുമോ? (മർക്കൊസ് 16:16). അല്ലെങ്കിൽ വിശ്വസിക്കയും രക്ഷിക്കപ്പെടുകയും ചെയ്യുന്നവൻ സ്നാനപ്പെട്ടു എന്നു പറയുമോ? യേശുക്രിസ്തുവിന്റെ വായിൽനിന്നു വന്നതായ രക്ഷയുടെ സന്ദേശം കേൾക്കുമ്പോൾ ഓ സ്നാനം അത്ര പ്രാധാന്യമുള്ളതല്ല; സ്നാനപ്പെട്ടില്ലെങ്കിലും കുഴപ്പമൊന്നുമില്ല, ശിശുവിലേ ഏറ്റ സ്നാനം മതി എന്നൊക്കെ വാദിച്ചു തർക്കിച്ചു നിൽക്കുമോ? നിങ്ങളുടെ ബന്ധുക്കളും സ്നേഹിതൻമാരും ഉള്ളപ്പോഴാണ് യേശു ഇതു പറയുന്നതെങ്കിൽ; ഓ ബൈബിൾ എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം എന്നു പറഞ്ഞ് ഒഴിഞ്ഞു മാറാൻ ശ്രമിക്കുമോ? ആത്മാർത്ഥമായി സത്യം അന്വേഷിക്കുന്ന ദൈവ വിശ്വാസികളെ യേശുക്രിസ്തു വരുമ്പോൾ അവന്റെ മുഖത്തു നോക്കി വാദിച്ചു തർക്കിച്ചു നിൽക്കാൻ എത്ര പേർക്കു കഴിയും?

ഇനി അപ്പൊസ്തലന്മാരുടെ കാര്യം എടുക്കാം. യേശുക്രിസ്തു തിരഞ്ഞെടുത്തു പരിശീലിപ്പിച്ചവരായിരുന്നുവല്ലോ അവർ. പത്രൊസും, പൗലൊസും ശേഷം അപ്പൊസ്തലന്മാരും നിങ്ങളുടെ അടുത്തുവന്നു അവരുടെ ഉപദേശം എങ്ങനെയുള്ളതു എന്നു പറയുന്നു. "ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു" (2 കൊരിന്ത്യർ 5:20). പിന്നീട് അവരുടെ അവകാശവാദങ്ങളും വാക്കുകളും ഉറപ്പിക്കുവാൻ ആയി അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുകയും ദൂരുപദേശങ്ങളേയും ഭിന്നതകളേയും നാമധേയ വിഭാഗങ്ങളേയും അവർ ഒന്നാം നൂറ്റാണ്ടിൽ

ഖണ്ഡിച്ചു സംസാരിച്ചതുപോലെ ഇന്നു വീണ്ടും ചെയ്താൽ നിങ്ങളുടെ മനോഭാവം എന്തായിരിക്കും? സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു (1 കൊരിന്ത്യർ 1:10) എന്ന സന്ദേശത്തോട് നിങ്ങൾക്കുള്ള പ്രതികരണം എന്തായിരിക്കും?

അവർ വന്നു, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ഒന്നേയുള്ളു എന്നും ആ സഭയുടെ തലയും രക്ഷിതാവും ക്രിസ്തുവാണെന്നും പ്രസംഗിച്ചാൽ നിങ്ങളുടെ മനോഭാവം മാറുമോ? (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18; എഫെ. 5:23). അതോ പിന്നെയും നിങ്ങൾ, അവനവനു ഇഷ്ടമുള്ള സഭയിൽ ചേരാമെന്നു പറഞ്ഞു, സഭയിലൊന്നും വലിയ കാര്യമില്ല എന്നു പറഞ്ഞ് ന്യായീകരിക്കുമോ? ക്രിസ്തു തന്റെ രക്തം കൊടുത്തു സമ്പാദിച്ച സഭ നിലവിലിരിക്കെ, മനുഷ്യനിർമ്മിതമായ സഭയിലും രക്ഷയുണ്ടെന്നു പറഞ്ഞ് നിങ്ങൾ വാദിക്കുമോ (പ്രവൃത്തി 20:28). അതോ ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ച് കർത്താവിന്റെ സഭയിൽ അംഗമായി തീരുമോ?

പത്രൊസും പൗലൊസും മറ്റ് അപ്പൊസ്തലന്മാരും നിങ്ങളുടെ സമൂഹത്തിൽ വന്നു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രസംഗിക്കയും അതുകേട്ടു വിശ്വസിക്കുന്നവരോട്: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞാൽ നിങ്ങൾ അതിനെ എങ്ങനെ പ്രതികരിക്കും? ഈ വാഗ്ദാനം കർത്താവ് വിളിച്ചുവരുത്തുന്ന ഏവർക്കുമുള്ളതാണ് എന്നു തിരിച്ചറിയുക (പ്രവൃത്തികൾ 2:37-39). ഈ കല്പനയെ നിങ്ങൾ പുച്ഛിച്ചു തള്ളിക്കളയുമോ? അതോ ഞങ്ങൾ ഒരിക്കൽ ശിശുക്കൾ ആയിരുന്നപ്പോൾ സ്നാനമേറ്റതാണ് ഇനി ഒരു സ്നാനത്തിന്റെ ആവശ്യമില്ല എന്നു പറയുമോ? അതുമല്ലെങ്കിൽ വെള്ളത്തിൽ പോയി സ്നാനമേറ്റതുകൊണ്ട് എന്തു കിട്ടാനാണ് എന്നു പറഞ്ഞ് അത് തള്ളിക്കളയുമോ? ദൈവവചനമാണ്, അതു അനുസരിക്കുന്നവർക്കു പ്രയോജനമുണ്ട് എന്ന വിശ്വാസം നിങ്ങൾ ജനിപ്പിക്കുമോ?

പലർക്കും തങ്ങളുടെ പാപങ്ങളെ കുറിച്ചു കുറ്റബോധമുണ്ടാകും. അവർ അതു നീങ്ങിക്കിട്ടേണ്ടതിനു പ്രാർത്ഥിക്കുകയും ചെയ്തേക്കാം എന്നാൽ അതു മാത്രം മതിയോ? ഒരു പാപിയായ മനുഷ്യൻ ഉള്ളുരുകി പ്രാർത്ഥിക്കുകയാണെന്നിരിക്കട്ടെ അതിനുള്ള ദൈവത്തിന്റെ മറുപടി എന്തായിരിക്കും? ദൈവവിശ്വാസിയായ ഉപദേഷ്ടാവ് അങ്ങനെയുള്ള ഒരു വ്യക്തിയോടു: "ഇനി താമസിക്കുന്നതെന്തു? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകി കളക" എന്നു പറഞ്ഞാൽ നിങ്ങളാണെങ്കിൽ എന്തു ചെയ്യും? ചോദ്യം ചെയ്യാതെ അതു അങ്ങനെ തന്നെ അനുസരിക്കുവാൻ നിങ്ങൾ തയ്യാറാകുമോ? അതോ നിങ്ങൾ അതിനെ എതിർക്കുമോ? സ്നാനത്താൽ എങ്ങനെ പാപം കഴുകികളയാൻ കഴിയും എന്നു ചോദിക്കുവാൻ നിൽക്കുമോ? ക്രിസ്തുവിനോടു ചേരുവാനാണ് ആ സ്നാനമെന്നു അപ്പൊസ്തലന്മാർ നിങ്ങളുടെ അയൽക്കാരോടും സ്നേഹിതരോടും അറിയിക്കുമ്പോൾ അതിനോടു നിങ്ങൾക്കു യോജിക്കുവാൻ പറ്റുമോ? (ഗലാത്യർ 3:26–27). ക്രിസ്തുവിൽ ആണ് സകല ആത്മീക അനുഗ്രഹങ്ങളും എന്നിരിക്കെ ക്രിസ്തുവിന്റെ സഭയ്ക്കു പുറത്തും അതു ലഭ്യമാണ് എന്നു പറഞ്ഞ് ദൈവേഷ്ടത്തെ നിങ്ങൾ മറിച്ചു കളയുമോ? യേശു തന്റെ മരണത്തിൽ ചിന്തിയതായ രക്തത്തോടു ബന്ധപ്പെടാതെ ശുദ്ധീകരണം പ്രാപ്യമല്ല. അതു ലഭിക്കുവാൻ അവന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കാളികളാകണം. അതിനു വേണ്ടിയാണ് സ്നാനം എന്ന കല്പന വെച്ചിരിക്കുന്നത് (റോമർ 6:3–4; 2 തിമൊഥെയൊസ് 2:10).

മുൻ പറഞ്ഞ കാര്യങ്ങളെ ആധികാരികമായി ദൈവാത്മാവ് നേരിട്ടു നിങ്ങളോടു പറഞ്ഞാൽ ആത്മാവിന്റെ സാക്ഷ്യത്തെയും നിങ്ങൾ തിരസ്കരിക്കുമോ? (2 പത്രൊസ് 1:19). അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും നമുക്കു ഉറപ്പിച്ചു തന്നതായ ഇത്ര വലിയ രക്ഷയെ നിങ്ങൾ വീണ്ടും അവഗണിക്കുമോ? അവഗണിച്ചാൽ ഒരിക്കലും തെറ്റി ഒഴിയുകയില്ല.

സ്ത്രീകൾക്കു വേണ്ടി

# യേശുവിനെക്കുറിച്ചു മക്കളെ പഠിപ്പിക്കൽ

ബെറ്റി. ബി.സി.

മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെ പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രായർ 2:10-14).

സൺഡേ സ്കൂളിൽ ഞങ്ങൾ കഴിഞ്ഞയാഴ്ച്ച യേശുവിനെ കുറിച്ചു പഠിച്ചു എന്ന് തങ്കമ്മ അപ്പോൾ പറയുകയുണ്ടായി. എല്ലാ മതങ്ങളിലുമുള്ളവർ യേശു ദൈവത്തിൽ നിന്നു ജനിച്ചവനാണെന്നു പറയുന്നുണ്ടെന്നും നല്ലൊരു ഉപദേഷ്ടാവായിരുന്നുവെന്നും ആളുകൾ പറയുന്നുണ്ടെന്ന് അവരുടെ അദ്ധ്യാപകൻ പഠിപ്പിക്കുകയുണ്ടായി. എന്നാൽ യേശു എന്ന ഏക ദൈവപുത്രനേയുള്ളൂ എന്നും അവൻ മാത്രമെ മനുഷ്യരക്ഷക്കുവേണ്ടി നിലകൊള്ളുന്നുള്ളുവെന്നും അവർക്ക് അറിഞ്ഞുകൂടാ. ഇന്നു ദൈവം തന്റെ ജനത്തോട് അവൻ മുഖാന്തരം മാത്രമെ സംസാരിക്കുന്നുള്ളൂ എന്നതും അവർ തിരിച്ചറിയണം.

"അതു ശരിയാണ്" പീറ്റർ സമ്മതിച്ചു. ഇന്നു നാം വായിച്ച എബ്രായലേഖനത്തിലെ വേദഭാഗം വെളിപ്പെടുത്തുന്ന സത്യം ദൈവം തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു എന്നതാണ്. ഒരിക്കൽ യേശുവിന്റെ ശിഷ്യന്മാർ അവനെ ആത്മരൂപത്തിൽ ദർശിച്ചപ്പോൾ അനേകവർഷങ്ങൾക്കു മുൻപ് മരിച്ചവരായിരുന്ന മോശയോടും ഏലിയാവോടും അവൻ സംസാരിക്കുന്നതു അവർ കണ്ടു. അപ്പോൾ അവൻ മൂന്നു കൂടാരങ്ങൾ ദൈവത്തെ ആരാധിക്കുന്നതിനു ഉണ്ടാക്കുവാൻ ആഗ്രഹിച്ചു. എന്നാൽ സ്വർഗ്ഗത്തിൽ നിന്നു ദൈവം അരുളിച്ചെയ്തതു, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, നിങ്ങൾ ഇവനു ചെവികൊടുപ്പിൻ" എന്നാണ്. യേശുക്രിസ്തു പറയുന്നതാണ് നാം കേൾക്കേണ്ടതു.

നമ്മുടെ പാപങ്ങൾ നീക്കം ചെയ്യേണ്ടതിനു നമ്മുടെ സ്ഥാനത്തു നമുക്കുവേണ്ടി മരിച്ചതു യേശുവാകയാൽ നാം എന്തുചെയ്യണമെന്നു പറയുവാനുള്ള അവകാശം അവനു മാത്രമാണുള്ളത്. അതുകൊണ്ട് ബൈബിൾ വായിച്ചു പഠിക്കേണ്ടതു വളരെ പ്രധാനപ്പെട്ട ഒന്നാകുന്നു. അതു മാത്രമല്ല ക്രിസ്തുവിനെ അനുഗമിക്കുവാനും അതു സഹായിക്കും. യേശു ദൈവത്തിന്റെ പുത്രനാണെന്നും അവനിലുള്ള വിശ്വാസവും അനുസരണവും നിമിത്തം നാം ദൈവമക്കളായി തീരുമെന്നും ദൈവം അറിയിച്ചിട്ടുണ്ട്. ഇതിനേക്കാൾ വലുതായി ഈ ലോകത്തിൽ മറ്റൊന്നുമില്ല.

## *ആശയവിനിമയം നടത്തുവാൻ കുട്ടികളെ പഠിപ്പിക്കുക*

"ഞാൻ എന്റെ അപ്പനു മകനും എന്റെ അമ്മയ്ക്കു ഓമനയും ഏക പുത്രനും ആയിരുന്നു; അവൻ എന്നെ പഠിപ്പിച്ചു എന്നോടു പറഞ്ഞു: എന്റെ വചനങ്ങളെ ഹൃദയത്തിൽ സംഗ്രഹിച്ചു കൊൾക; എന്റെ കല്പനകളെ പ്രമാണിച്ചു ജീവിച്ചുകൊൾക" (സദൃശ്യവാക്യങ്ങൾ 4:3-4).

ഒരു ദിവസം തോമസ് ആന്റണിയെ കാണാൻ അവന്റെ വീട്ടിൽ ചെന്നു. അപ്പോൾ ആന്റണി മുറികൾ തൂത്തു തുടയ്ക്കുകയായിരുന്നു. തോമസ് അതുകൊണ്ടു പുറത്തു കാത്തിരുന്നു. മേരിയോ അടുക്കളയിൽ എല്ലാവർക്കും ആഹാരം പാചകം ചെയ്യുന്ന തിരക്കിലാണ് എങ്കിലും അവളുടെ പാട്ടിന്റെ ശബ്ദം പുറത്തേക്ക് ഒഴുകി വന്നു. പിതാവിന്റെ സ്നേഹം മക്കൾ അനുഭവിക്കുന്നതു അവന്റെ ശ്രദ്ധയും കരുതലും കൊണ്ടാണ് എന്ന സാരം ആ പാട്ടിൽ അടങ്ങിയിരുന്നു. തോമസ് വാതിൽക്കൽ ചെന്നു കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. തന്റെ ഹൃദയത്തിൽ അപ്പോൾ ദുഃഖം അലയടിച്ച് ഉയർന്നു. അവൻ ഓർത്തു അവനെയും മാത്യുവിനേയും അമ്മ എത്ര വഴക്കു പറഞ്ഞിട്ടുണ്ട്. എന്നാൽ മേരി പാടിയ മധുരവും സ്നേഹം സ്ഫുരിക്കുന്നതുമായ ഒരു ഗാനം അവൻ ഒരിക്കലും പാടിയിരുന്നില്ല.

വിഷാദചിത്തനായി വാതിൽക്കൽ നിൽക്കുന്ന തോമസിനെ മേരി തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു. അതു മനസ്സിലാക്കിയ മേരി അവനോടു: എന്താ തോമസേ എന്റെ പാട്ട് നിനക്ക് ഇഷ്ടപ്പെട്ടില്ലെന്നുണ്ടോ?

"ഓ......എനിക്കു പാട്ടു നന്നായി ഇഷ്ടപ്പെട്ടു" തോമസ് മറു

പടി പറഞ്ഞു "ദൈവത്തേയും അവന്റെ സ്നേഹത്തേയും കുറിച്ചാണല്ലോ അതു വെളിപ്പെടുത്തുന്നത് എന്നാൽ വാസ്തവത്തിൽ നാം ദൈവസ്നേഹം അറിയുന്നത് എങ്ങനെയാണ്? അവനെ നാം കാണുന്നില്ല; അവൻ നമ്മോടു സംസാരിക്കുന്നില്ല. അപ്പോൾ പിന്നെ നമുക്ക് എങ്ങനെ അറിയാം അവൻ നമ്മെ സ്നേഹിക്കുന്നുവെന്ന്"? അവന്റെ മനസ്സിൽ കടന്നുകൂടിയ സംശയം അവൻ പുറത്തെടുത്തു. അവനു അതറിയുവാനുള്ള ഉത്സാഹം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവൻ അതു അടക്കിവെക്കാതെ തുറന്നു ചോദിച്ചത്.

മേരി തോമസിനോട് അവിടെ വന്നു ഇരിക്കാൻ ആവശ്യപ്പെട്ടു. തുടർന്നു വിശദമായി എല്ലാം വിവരിച്ചു പറയാൻ തുടങ്ങി. നോക്കൂ, ദൈവത്തെ കുറിച്ച് ധാരാളം കാര്യങ്ങൾ നാം അറിഞ്ഞിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മെ സൃഷ്ടിച്ചവനാകയാൽ അവൻ നമ്മുടെ പിതാവാണ്. നമ്മെ സഹായിക്കുന്നതും പോറ്റിപുലർത്തുന്നതും ദൈവമാണ്. നാം എങ്ങനെ ജീവിച്ചാൽ നമുക്കു ദൈവത്തിന്റെ സഹായം ലഭിക്കും എന്നു അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. എപ്രകാരം നാം ദൈവത്തെ സ്നേഹിക്കണമെന്നും അവൻ അറിയിച്ചിട്ടുണ്ട്.

എന്നാൽ സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം ഒരിക്കലും നമ്മോടു സംസാരിക്കാത്ത അവൻ നമ്മെ എങ്ങനെ പഠിപ്പിക്കും? ഇതായിരുന്നു തോമസിന്റെ സംശയം.

അവൻ നമുക്ക് അവന്റെ പുസ്തകം നൽകിയിട്ടുണ്ട്. അതിലെ വാക്കുകളിലൂടെയാണ് ദൈവം സംസാരിക്കുന്നത്. ദൈവത്തെ ശ്രദ്ധിച്ചുകേൾക്കുവാൻ നീ ദിവസവും ആ വേദപുസ്തകം വായിക്കാറുണ്ടോ? "ഇല്ല; ഞാൻ സ്കൂളിൽ പഠിക്കുന്ന പാഠപുസ്തകങ്ങൾ ഒഴിച്ച് മറ്റൊന്നും വായിക്കാറില്ല." തോമസ് പറഞ്ഞു.

പ്രാർത്ഥനയിൽ കൂടെ ദൈവത്തോടു എങ്ങനെ സംസാരിക്കാമെന്നു അവൻ പഠിപ്പിച്ചിട്ടുണ്ട്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും അവനോടു അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നമ്മുടെ ജീവിതത്തിൽ തന്നിട്ടുള്ള അനേക നന്മകൾക്കായി നന്ദി രേഖപ്പെടുത്തുവാനും അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. തോമസേ, നീ പ്രാർത്ഥിക്കാറുണ്ടോ?

✱

# രക്ഷാദിവസം

## തോമസ് മാത്യു

ദൈവം ആരംഭിച്ച യുഗങ്ങൾ അഥവാ കാലങ്ങൾ അവസാനിക്കുമ്പോഴും അതിനു കാരണ ഭൂതനായ ദൈവം തൽസ്ഥാനത്ത് പിന്നെയും ശേഷിക്കുന്നു. ആകയാൽ തനിക്ക് ആരംഭവും അന്തവും എന്ന് പേരും നൽകപ്പെട്ടിരിക്കുന്നു (വെളിപ്പാട് 2:6). ഭൂതം, വർത്തമാനം, ഭാവി എന്നീ ത്രികാലങ്ങളിലും ദൈവം യഥാസ്ഥിതികനാണ്. മോശെയോട് ദൈവം സംസാരിക്കുമ്പോൾ താൻ അതു വെളിപ്പെടുത്തുകയുണ്ടായി. അതേ: "ഞാനാകുന്നവൻ" ഞാനാകുന്നു എന്നുള്ളവൻ നിന്നെ അയച്ചിരിക്കുന്നു എന്നു പറക (പുറപ്പാട് 3:14) എന്നിങ്ങനെയാണ് താൻ അറിയിച്ചത്. ഈ വാചകം ഇപ്രകാരം സംഗ്രഹിക്കാം – ഞാൻ ആകുന്നു, ഞാൻ ആയിരുന്നു, ഞാൻ ആയിരിക്കും. അപൂർണ്ണനായ മനുഷ്യന് പൂർണ്ണനായ ദൈവത്തെ വെളിപ്പെടുത്തിയതാണ്...."ക്രിസ്തു" രണ്ടു വൈശിഷ്ട്യങ്ങളുടെ പൂർണ്ണതയാണ് യേശുക്രിസ്തുവിൽ വെളിപ്പെടുത്തിയത് സൃഷ്ടിയായ മനുഷ്യന്റേയും, സൃഷ്ടിതാവായ ദൈവത്തിന്റേയും, പൂർണ്ണത തന്നെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ഒത്തിണങ്ങിയത് യേശുക്രിസ്തുവിൽ മാത്രമാകുന്നു.

മുൻ യുഗങ്ങളിൽ നിലവിലിരുന്ന പരീക്ഷണങ്ങളിൽ എല്ലാം തന്നെ മനുഷ്യൻ പരാജിതനാകയാൽ അവന് ഉന്നമനവും ഉദ്ധാരണവും ലഭ്യമാകാതെ വരികയുണ്ടായി. തൻനിമിത്തം ഉദ്ധാരണത്തിനു പര്യാപ്തമായ കൃപായുഗം ഉളവാകേണ്ടതായി വന്നു. ഈ യുഗാരംഭഘട്ടത്തിൽ ദൈവപുത്രൻ "കൃപയും സത്യവും" നിറഞ്ഞവനായി ലോകത്തിൽ വന്ന് മനുഷ്യരുടെ ഇടയിൽ പാർത്തു (യോഹ 1:18). കൃപയാലുള്ള രക്ഷയും, വ്യവസ്ഥാപിതമായി യിസ്രായേലിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിക്കായും "കൃപായുഗം" ക്രമീകരിക്കേണ്ടതാവശ്യമായിരുന്നു. അത് സംബന്ധിച്ച് പ്രവാചകന്മാർ അറിയിച്ചിരിക്കുന്നതാണിത്: "ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും. ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കും. ഞാൻ എന്റെ

ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കി എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും" (യെഹ 36:27, യെശ 59:21).

ഈ കൃപായുഗത്തിലും എല്ലാവരും രക്ഷപ്രാപിക്കുന്നില്ല എന്നതും നാം അറിഞ്ഞിരിക്കേണ്ടതാണ്. എന്തെന്നാൽ വിശ്വസിക്കുകയും, അനുസരിക്കുകയും ചെയ്യുന്നവർക്ക് മാത്രമെ രക്ഷ പ്രാപിപ്പാൻ കഴിയുകയുള്ളു (മർക്കൊസ് 16:16, റോമർ 2:6, 7, 8). കൃപായുഗത്തിൽ രക്ഷ ഏവർക്കും വേണ്ടി ഉള്ളതെങ്കിലും അംഗീകരിപ്പാൻ കഴിയാത്തവർക്ക് അനുഭവസ്ഥമായി തീരുന്നുമില്ല. "രക്ഷ" എന്നതിൽ ഒന്നാമത് ആത്മാവിന്റേയും, രണ്ടാമത് ശരീരത്തിന്റേയും, വീണ്ടെടുപ്പ് ഉൾപ്പെട്ടിരിക്കുന്നു. ഇപ്പോൾ അത് ഈ നാളിൽ സുവിശേഷം കേൾവിയാൽ ആത്മരക്ഷയും, അനന്തരമായി കർത്താവിന്റെ വീണ്ടും വരവിങ്കൽ കാഹളം ധ്വനിക്കുന്ന നാളിൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വവും പ്രാപിച്ച് രക്ഷ പൂർത്തീകരിക്കപ്പെടുന്നു (റോമ 8:23). തൽസമയം രക്ഷാദിവസവും സമാപിക്കുന്നതാണ്, രക്ഷയ്ക്കു നിദാനമായ സുവിശേഷത്തിന് രണ്ടു കാലയളവുകൾ ക്രമപ്പെടുത്തിയിരിക്കുന്നതായി ദൈവവചനത്തിൽ കാണാം.

### *1. കൃപയുടെ സുവിശേഷം (പ്രവൃത്തി 20:24)*

ഇതു കൃപയുടെ ആത്മാവിനെ പകർന്നതായ പെന്തെക്കൊസ്തു നാളിൽ ഘോഷിച്ചു തുടങ്ങിയതും നാളിതുവരെയും തുടർന്നു പോരുന്നതുമായ രക്ഷാസന്ദേശം തന്നെ. ഈ സുവിശേഷ പ്രഭാഷണം "സഭയുടെ" ഏൽപ്പിച്ചുകൊടുക്കലിൽ അവസാനിക്കുകയും ചെയ്യുന്നു. ആയതിന്റെ വ്യവസ്ഥ, പ്രവർത്തനരീതി, സാദ്ധ്യത, ഉദ്ദേശം എന്നിവയെല്ലാം മുന്നമേ വിവരിച്ചിട്ടുള്ളതാകയാൽ ഇവിടെ എഴുതുന്നില്ല.

### *2. രാജ്യത്തിന്റെ സുവിശേഷം (മത്തായി 4:23, 24).*

രാജ്യത്തിന്റെ സുവിശേഷമാണ് യോഹന്നാൻ സ്നാപകൻ വിളിച്ചറിയിച്ചുകൊണ്ടിരുന്നത്. എന്തായിരുന്നു ആ സന്ദേശം? പഴയനിയമതിരുവെഴുത്തുകളിൽ അറിയിച്ചിരുന്നതും, പ്രവാചകന്മാർ വിളിച്ചറിയിച്ചതുമായ "ആ രാജാവ്" (മശിഹ) ഇതാ വന്നിരിക്കുന്നു. അതേ; ദൈവരാജ്യം സമീപമായി (മത്തായി 3:2) എന്നുള്ളതായിരുന്നു. ഈ സുവിശേഷ വാർത്തയാൽ യോഹന്നാൻ ആവശ്യപ്പെട്ടതോ; നിങ്ങൾ

മാനസാന്തരപ്പെടുവിൻ എന്നും ആയിരുന്നു. യോഹന്നാൻ സ്നാപകനു പിന്നാലെ യേശുവും തന്റെ ശിഷ്യന്മാരും ഈ രാജ്യത്തിന്റെ സുവിശേഷം തന്നെ അറിയിച്ചു പോന്നു. പ്രസ്തുത രക്ഷയിൻ വാർത്ത പ്രാവചനികമായി യിസ്രായേലിനോടുള്ള പ്രത്യേക അറിയിപ്പായും കാണാവുന്നതാണ്. ഈ ദൂത് ക്രിസ്തുവിന്റെ ക്രൂശീകരണത്തോടുകൂടി അവസാനിക്കുകയും ചെയ്തു. അനന്തരമായി തന്റെ ഉയർത്തെഴുന്നേൽപ്പിനുശേഷം (ശിഷ്യന്മാരും മറ്റും കൂടിയിരുന്നു പ്രാർത്ഥിക്കയും പരിശുദ്ധാത്മാവിൽ നിറയുകയും ചെയ്തു) ഘോഷിച്ചു തുടങ്ങിയത് മുൻ പ്രസ്താവിച്ച പ്രകാരം കൃപയുടെ സുവിശേഷമാണ്. യോഹന്നാൻ സ്നാപകന്റെയും, യേശുക്രിസ്തുവിന്റെയും ശുശ്രൂഷയാൽ യെഹൂദന്മാരും ഭാഗികമായി ജാതികളും മാനസ്സാന്തരപ്പെട്ടു.

ഈ വിധം കൃപയുടെ സുവിശേഷം, രാജ്യത്തിന്റെ സുവിശേഷം എന്നിങ്ങനെ രണ്ടു വിഭജനവും കൂടാതെ എന്റെ സുവിശേഷം (റോമർ 2:16; 16:25). ഇത് കൃപയുടെ സുവിശേഷമാണ്. നിത്യ സുവിശേഷം എന്നിങ്ങനെയുള്ള പേരുകളും സുവിശേഷത്തെ അനുബന്ധിച്ച് കാണുന്നുണ്ട് (വെളിപ്പാട് 15:7).

## *ജാതികളുടെ കാലം*

കൃപായുഗത്തെ ജാതികളുടെ കാലമെന്നും വിളിച്ചിരിക്കുന്നു (ലൂക്കൊസ് 21:24). അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരാക്കിക്കൊണ്ടു പോകയും, ജാതികളുടെ കാലം തികയുവോളം ജാതികൾ യെരുശലേമിനെ ചവിട്ടി കളയുകയും ചെയ്യും. അങ്ങനെ സകല ജാതികളും രക്ഷിക്കപ്പെടുവാൻ ദൈവത്താൽ നിയമിക്കപ്പെട്ട നാളുതന്നെ കൃപായുഗം. സകലജാതികളിൽ നിന്നുമായി കൃപായുഗത്തിൽ രക്ഷിക്കപ്പെടുന്നവരുടെ ഒരു അംഗസംഖ്യയും ദൈവം നിർണ്ണയിച്ചിരിക്കുന്നു എന്നും ഇതിനാൽ അർത്ഥമാകുന്നു. വിശുദ്ധ പത്രൊസ് ഈ വസ്തുത അറിയിച്ചിട്ടുള്ളതായി നാം വായിക്കുന്നു. "ദൈവം തന്റെ നാമത്തിനായി ജാതികളിൽ നിന്നും ഒരു കൂട്ടത്തെ എടുക്കും (പ്രവൃത്തി 15:14). ഈ ദൈവനിർണ്ണയത്തിന്റെ മാർമ്മിക വിവരണമാണ് എഫെസ്യ ലേഖനത്തിൽ പൗലൊസ് പ്രസ്താപിച്ചിട്ടുള്ളത്.

"അതോ ജാതികൾ ക്രിസ്തു യേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകണം എന്നുള്ളതു തന്നെ" (എഫെസ്യർ 3:6, 7).

ബാബേൽ രാജാവായിരുന്ന നെബുഖദ്നേസറിന്റെ കാലം മുതലാണ് വാഗ്ദത്തം ജാതികൾക്കു കൂടെ നൽകുവാൻ പദ്ധതി ആരംഭിക്കുന്നത്. ബാബിലോൺ രാജ്യങ്ങളിൽ പ്രഥമമായി അങ്ങനെ.

## ബദ്ധന്മാരല്ല

### ഗ്ലെൻ കോളെ

അടിക്കടി ചർച്ച ചെയ്യപ്പെട്ട പ്രധാനപ്പെട്ട വിഷയങ്ങൾ ഉൾക്കൊള്ളുന്ന വേദഭാഗമാണല്ലോ ഒന്നു കൊരിന്ത്യർ 7-ാം അദ്ധ്യായം. വിവാഹം, വിവാഹമോചനം, പുനർവിവാഹം എന്നിവയെ സംബന്ധിച്ച ചോദ്യങ്ങൾക്ക് അവിടെ ഉത്തരം കണ്ടെത്താവുന്നതാണ്. വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വിവാഹബന്ധത്തെ ഓർമ്മിപ്പിച്ചുകൊണ്ടു പറയുന്നത്: അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ. ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല. എന്നാൽ സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

ബദ്ധരായിരിക്കുന്നില്ല എന്നതുകൊണ്ട്, ഒരു വിശ്വാസിക്കു അവിശ്വാസിയായ പങ്കാളി ഉണ്ടെങ്കിൽ ആ പങ്കാളിയെ ഉപേക്ഷിച്ച് മറ്റൊരു വ്യക്തിയെ ജീവിത പങ്കാളിയാക്കാമെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. ഉപേക്ഷിക്കുവാനും പുനർവിവാഹം നടത്തുവാനും ഉള്ള അവസരമായി ഇതിനെ കാണരുത്. അതായത് അവിശ്വാസി സ്വയമായി വേർപിരിയുന്നു എങ്കിൽ അങ്ങനെയാകട്ടെ എന്നർത്ഥം. പരസംഗം നിമിത്തം അല്ലാതെ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല എന്നാണ് കർത്താവ് പഠിപ്പിച്ചത്. വിവാഹം കഴിച്ചവർ പുനർവിവാഹം ചെയ്യുവാൻ രണ്ടു കാരണങ്ങൾ കൂടിയേ തീരൂ. ഒന്നുകിൽ ഭാര്യ മരണമടയണം അല്ലെങ്കിൽ വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെടണം. അതു ഭർത്താവിനെ സംബന്ധിച്ചും വാസ്തവമാണ്. കർത്താവിന്റെ തന്നെ പ്രസ്താവന നമുക്കു പരിശോധിക്കാം. "ഞാനോ നിങ്ങളോടു

പറയുന്നതു: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു (മത്തായി 19:9).

ഒന്നു കൊരിന്ത്യർ 7-ാം അദ്ധ്യായം പതിനഞ്ചാം വാക്യവും തുടർന്നുള്ള ഭാഗവും പരിശോധിക്കുമ്പോൾ രണ്ടു കാര്യങ്ങൾ അതിൽ നിന്നു ഉയർന്നു വരാം. (1) അവിശ്വാസിയായ തുണ വേർപിരിയുന്നു എന്നിരിക്കട്ടെ. അതിൽ ഒരു സഹോദരനോ സഹോദരിയോ കടപ്പെട്ടിരിക്കുന്നില്ല. എന്നാൽ ചിലർ അതു വിവാഹമോചനത്തിനും പുനർവിവാഹത്തിനും ഒരു മറയാക്കി മാറ്റുന്നു. (2) ബദ്ധരായിരിക്കുന്നില്ല എന്നതിന്റെ അർത്ഥം അവിശ്വാസിയായ പങ്കാളി വിശ്വാസിയിൽ നിന്നു അകലുമ്പോൾ, ക്രിസ്ത്യാനിയായി ജീവിക്കുവാൻ ആ വ്യക്തി തീരുമാനിക്കയാണല്ലോ. അതിനു ഭീഷണിയോ ഇടർച്ചയോ ആകുന്നു എങ്കിലേ വേർപിരിയാവൂ എന്നതാണ് ശരി. അവിശ്വാസിയുടെ ആഗ്രഹത്തിനൊത്തു ആത്മീയ വിട്ടുവീഴ്ച്ചക്ക് വിശ്വാസി തയ്യാറാകുകയില്ല. ഭർത്താവിനെ പ്രസാദിപ്പിക്കുവാൻ വേണ്ടി ഭാര്യയോ, ഭാര്യയെ സന്തോഷിപ്പിക്കുവാൻ വേണ്ടി ഭർത്താവോ ക്രിസ്തുവിനേയോ ക്രിസ്തുവിന്റെ ഉപദേശങ്ങളെയോ ബലികഴിക്കരുത് എന്നർത്ഥം.

പതിനാറാം വാക്യം നമുക്കു വായിക്കാം. സ്ത്രീയേ നീ ഭർത്താവിനു രക്ഷ വരുത്തും എന്നു നിനക്കു എങ്ങനെ അറിയാം? പുരുഷാ, നീ ഭാര്യക്കു രക്ഷ വരുത്തും എന്നു നിനക്കു എങ്ങനെ അറിയാം? വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വിവാഹബന്ധം കൊണ്ട് അവിശ്വാസിയെ രക്ഷിക്കാൻ കഴിയും എന്നു ആരെങ്കിലും കരുതുന്നുവെങ്കിലും അവർക്ക് എങ്ങനെ അതു ഉറപ്പിക്കാൻ കഴിയും എന്നതാണ് ചോദ്യം. ഏതിലും ആത്മാവിന്റെ രക്ഷയാണ് പ്രാമുഖ്യമേറിയത്. അതിനു വിഘാതമായി തീരുന്നതെന്തും നീങ്ങിപോകുന്നുവെങ്കിൽ അതു നല്ലതാണ് എന്നു നാം ഗ്രഹിക്കണം.

അവിശ്വാസിയെ വേർപിരിയുന്ന ഒരു വ്യക്തിക്കു ആ അവിശ്വാസിയെ രക്ഷിക്കുവാനുള്ള കടമ ഉണ്ടല്ലോ. അതു നിറവേറ്റുവാൻ കഴിയാതെ വരുന്ന അവസരം ഉണ്ടാക്കരുത്. സ്നേഹത്താൽ വ്യാപരിക്കുന്ന ആത്മാവുള്ള വിശ്വാസി, തന്റെ തുണയുടെ ആത്മീയ ജീവിതം സുരക്ഷിതമാക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഈ

വാക്യത്തെ ഒരിക്കലും തെറ്റായി ഉപയോഗിക്കയില്ല. കർത്താവിനോടുള്ള പ്രതിബദ്ധതയാണ് ഒരു വിശ്വാസി സൂക്ഷിക്കേണ്ടത്. ശാരീരികമായ ബന്ധം ക്രിസ്തീയ ജീവിതത്തിനു തടസ്സമാണെങ്കിൽ, അപ്രകാരമുള്ള വിവാഹബന്ധം വേർപിരിയുവാൻ അവിശ്വാസി മുൻകൈ എടുത്തുമാറുന്നു എങ്കിൽ മാറട്ടെ. അതിൽ വിശ്വാസിക്കു ദുഃഖിക്കുവാൻ ഒന്നുമില്ല. ഒരുപക്ഷെ അയാൾ മാനസാന്തരപ്പെട്ടു തിരിച്ചുവന്നാൽ സ്വീകരിക്കാനും വിശ്വാസി തയ്യാറാകണം.

ഒരു സഹോദരനു, അവിശ്വാസിയായ ഭാര്യ ഉണ്ടായിരിക്കയും അവൾ അവനോടുകൂടെ പാർപ്പാൻ സമ്മതിക്കയും ചെയ്താൽ അവളെ ഉപേക്ഷിക്കരുത്. അവിശ്വാസിയായ ഭർത്താവുള്ള സ്ത്രീയും, അവൻ അവളോടു കൂടെ പാർപ്പാൻ സമ്മതിക്കും എങ്കിൽ, ഭർത്താവിനെ ഉപേക്ഷിക്കരുത്. അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു. അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു വരും. ഇപ്പോഴോ അവർ വിശുദ്ധന്മാർ ആകുന്നു (1 കൊരിന്ത്യർ 7:12-14).

✶

# ദൈവത്തിൽ നിന്നുള്ള സത്യം

## മാർക്ക് ഹൂപ്പർ

ലോകത്തിൽ ഇന്നു അനവധി മതങ്ങൾ, ദൈവത്തിൽ നിന്നുള്ള സത്യം അവർക്കു ലഭിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്നുണ്ട്. എങ്ങനെയായാലും ഈ പഠനം സൂക്ഷ്മമായി പരിശോധിച്ചാൽ അവർ അവകാശപ്പെടുന്ന സത്യത്തിൽ വൈപരീത്യം ഉൾക്കൊള്ളുന്നതായി കാണാം. ദൈവത്തിങ്കലേക്കു അവ ഓരോന്നും ഓരോ വഴികളെ എടുത്തു കാണിക്കുന്നു. ദൈവവുമായി ഐക്യത കൈവരിക്കാൻ, പാപങ്ങളിൽ നിന്നു മോചനം കിട്ടുവാൻ ഇതല്ലാതെ മറ്റു മാർഗ്ഗമില്ലെന്ന ഓരോരുത്തരുടെയും അവകാശവാദങ്ങൾ വിശകലനം ചെയ്യേണ്ടതാണ്. അറിയപ്പെടുന്ന എല്ലാ വഴികളും എല്ലാ മതങ്ങളും ശരിയാവാൻ സാദ്ധ്യമല്ല. ഈ പ്രപഞ്ചത്തേയും പ്രപഞ്ചത്തിലുള്ളതിനേയും ഉണ്ടാക്കിയ ദൈവം ഏകനായതുകൊണ്ട് ആ ദൈവത്തെ സംബന്ധിച്ച സത്യവും ഏകമായിരിക്കും.

ദൈവത്തെയും മതത്തെയും കുറിച്ച് പ്രചരിക്കപ്പെട്ടിട്ടുള്ള തെറ്റി

ധാരണകളധികവും മനുഷ്യരുടെ തോന്നലുകളിൽ നിന്നും വ്യത്യസ്ത വിശ്വാസങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നതാണ്. മനുഷ്യനു തന്റെ ഉള്ളിൽ സത്യമെന്നു തോന്നുന്നതു സത്യമായിരിക്കണമെന്നില്ല. ഭൂമി പരന്നതാണെന്നായിരുന്നു പണ്ടത്തെ ആളുകളുടെ വിശ്വാസം. ഇന്ന് അത് തെറ്റാണെന്നു നമുക്ക് അറിയാം. ഭൂമി ഉരുണ്ടതാണെന്നു സംശയാതീതമായി തെളിയിക്കപ്പെട്ടു കഴിഞ്ഞു. ചിലർ എന്തു വിചാരിച്ചാലും ഭൂമി ഉരുണ്ടതു തന്നെയാണ്. വ്യക്തികളുടെ തോന്നലുകൾക്കപ്പുറമായി ഒരു തികഞ്ഞ സത്യം ഉണ്ട്. ആകയാൽ ദൈവത്തെക്കുറിച്ചുള്ള തികഞ്ഞ സത്യം എന്താണ്? മനുഷ്യനു ദൈവത്തിന്റെ പൂർണ്ണ സത്യം മനസ്സിലാക്കാൻ കഴിയുമോ? അവന്റെ ഉദ്ദേശത്തെ അറിയുവാൻ കഴിയുമോ? മനുഷ്യനെ ആത്മീക സത്യം അറിയാത്ത അന്ധകാരത്തിലേക്കു തള്ളി വിട്ടിരിക്കയല്ല ദൈവം ചെയ്തത്. അവൻ അതു മനുഷ്യർക്കു ഗ്രഹിക്കത്തക്കവണ്ണം വെളിപ്പെടുത്തിയിരിക്കയാണ്. അതുകൊണ്ട് ദൈവത്തെ സംബന്ധിച്ച് പൂർണ്ണമായ സത്യം എവിടെയാണുള്ളത്?

ദൈവത്തിന്റെ സത്യം അടങ്ങുന്നു എന്ന് അവകാശപ്പെടുന്ന മതഗ്രന്ഥങ്ങൾ ഓരോന്നും പരസ്പര വിരുദ്ധ ആശയങ്ങൾ അടങ്ങുന്നതാണ്. ദൈവം കലക്കത്തിന്റെ ദൈവമല്ലായ്കയാൽ ഇവയെല്ലാം ദൈവത്തിൽ നിന്നല്ല എന്നു തീർച്ചയാക്കാം. ദൈവിക നിലവാരം പുലർത്തുന്നവയാണോ എന്നു ഓരോ പുസ്തകവും പരിശോധിക്കണം. ഈ പരിശോധനയിൽ ഒന്നു മാത്രമാണ് വിജയിച്ചിട്ടുള്ളത്. കാലം, ചരിത്രം, ശാസ്ത്രം, കണ്ടുപിടിത്തങ്ങൾ, നിഷേധിക്കാനാവാത്ത അത്ഭുതങ്ങൾ എന്നിവ അതിൽ ഉൾപ്പെട്ടിരിക്കുന്നു. അതാണ് സത്യവേദ പുസ്തകം. അനേക രീതിയിൽ പരീക്ഷിച്ച് സത്യമാണെന്നു തെളിയിക്കപ്പെട്ടിട്ടുള്ള പുസ്തകമാണ് ബൈബിൾ.

## *സന്ദേശത്തിന്റെ ഐക്യത*

ഏതാണ്ട് ആയിരത്തി അറുന്നൂറു വർഷങ്ങൾക്കുള്ളിൽ നാല്പതു എഴുത്തുകാരാൽ എഴുതപ്പെട്ട തിരുവചനത്തിൽ യാതൊരു വ്യത്യാസവും ഇല്ല എന്നതു തെളിയിക്കപ്പെട്ട പ്രത്യേകതയാണ്. ഇതെങ്ങനെ സാദ്ധ്യമായി? ഈ എഴുത്തുകാരിൽ ദൈവം നേരിട്ടു പ്രവർത്തിച്ചു. അതാണ് ദൈവശ്വാസീയം എന്നു പറയുന്നത്. അതുപോലെ തന്നെ

66 പുസ്തകങ്ങളാണ് ബൈബിളിൽ ആകെയുള്ളത്. ഈ പുസ്തകങ്ങളിലെല്ലാം തന്നെ പൊതുവായി ഒരു വിഷയത്തെയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. മനുഷ്യരക്ഷ എന്നതാണ് അത്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ പാപികൾക്കു രക്ഷയുണ്ട്. രാജാക്കന്മാർ മുതൽ മുക്കുവന്മാർ വരെ ഇതു എഴുതുവാൻ ദൈവം തിരഞ്ഞെടുത്തു. അവരുടെ എഴുത്തുകൾ എല്ലാം ഐക്യത നിറഞ്ഞു നിൽക്കുന്നു. ദൈവത്തിൽ നിന്നുള്ള സത്യമാണ് അവർക്കു ലഭിച്ചത്.

## *പ്രവചനവും നിറവേറലും*

ഭാവി സംഭവങ്ങളെ മുൻകൂട്ടി പ്രവചിച്ചിരുന്നതായി ബൈബിളിലെ ഏതാനും എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവാചകന്മാർ പ്രസ്താവിച്ച കാര്യങ്ങൾ ഭാവിയിൽ സംഭവിക്കുമ്പോൾ അതു ദൈവം സംസാരിച്ചിരുന്നതായിരുന്നു എന്ന് ഉറപ്പിക്കാം. അങ്ങനെയുള്ള തെളിവുകൾ കണ്ടില്ലെന്നു നടിക്കുന്നത് ഖേദകരമത്രെ. ബൈബിൾ പ്രവചനങ്ങൾ ഒക്കെയും അവ സംഭവിക്കുന്നതിനു വളരെ മുമ്പു തന്നെ മുന്നറിയിച്ചിട്ടുള്ളതാണ്. യേശുക്രിസ്തു ജനിക്കുന്നതിനു 750 വർഷം മുൻപ് ജീവിച്ചിരുന്ന പ്രവാചകനായിരുന്നു മീഖാ. യേശുക്രിസ്തു യെഹൂദ്യയിലെ ബേത്‌ലഹേമിൽ ജനിക്കുമെന്നു പ്രവാചകൻ അരുളിച്ചെയ്തിരുന്നു (മീഖാ 5:2, 9). അവന്റെ ജനനം കന്യകയിൽ കൂടെ ആയിരിക്കുമെന്നു യെശയ്യാവ് പ്രവചിച്ചിരുന്നു (യെശയ്യാവ് 7:14). ഇവർക്ക് ഇതെങ്ങനെ അറിയാൻ കഴിഞ്ഞു? ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്തു എന്നതാണ് സത്യം.

## *ശാസ്ത്രീയമായ മുന്നറിവ്*

ശാസ്ത്രീയമായ കൃത്യതയാണ് ബൈബിൾ സത്യമാണെന്നുള്ളതിന്റെ മറ്റൊരു തെളിവ്. ഞാൻ മുൻപ് പറഞ്ഞതുപോലെ ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപ് ആളുകൾ ധരിച്ചുവച്ചിരുന്നത് ഭൂമി പരന്നതായിരുന്നു എന്നാണ്. എന്നാൽ യെശയ്യാവ് 750 വർഷങ്ങൾക്കു മുൻപു തന്നെ ഭൂമി വൃത്താകൃതിയിലുള്ളതാണെന്നു വ്യക്തമാക്കിയിരുന്നു (യെശയ്യാവ് 40:22). ക്രിസ്തുവിനു ആയിരം വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന ദാവീദ് സമുദ്രത്തിൽ മാർഗ്ഗമുണ്ടെന്നു രേഖപ്പെടുത്തി (സങ്കീർത്തനങ്ങൾ 8:8). മാത്യുമോറെ ഇതു

വായിച്ചു സമുദ്രസഞ്ചാരപാത കണ്ടുപിടിക്കുന്നതു വരെ ആരും ഇതു കാര്യമായി കണക്കാക്കിയിരുന്നില്ല. വിശ്വസിച്ചിരുന്നിരിക്കയില്ല. ഇന്നു ധാരാളം കടൽ സഞ്ചാരികൾ ഈ മാർഗ്ഗത്തെ ഉപയോഗിക്കുന്നു എന്നതാണ് സത്യം.

### ചരിത്രപരമായ സത്യം

ബൈബിളിൽ വിവരിച്ചിരിക്കുന്ന ഹിത്യർ എന്ന ജാതികളെ സംബന്ധിച്ച് അനേക വർഷങ്ങളോളം പണ്ഡിതന്മാർക്കിടയിൽ വിശ്വസിക്കാൻ പ്രയാസമായിരുന്ന ഒന്നായിരുന്നു അത് (ഉല്പത്തി 15:20). കാരണം അവർ ഭൂമിയിൽ നിലനിന്നിരുന്നതിന്റെ യാതൊരു രേഖയും അവർക്കു ലഭിച്ചിരുന്നില്ല. എന്നാൽ അടുത്തകാലത്തു കണ്ടുപിടിച്ചതായ മിസ്രയീമ്യരുടേയും അശൂര്യരുടേയും രേഖകളിൽ ഈ ഹിത്യരെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 700 വർഷങ്ങളോളം പ്രഗത്ഭരായിരുന്നു അവർ എന്നു ഈ രേഖകളിൽ നിന്നു കണ്ടെടുത്തു. അതുപോലെ തന്നെ ഗല്ലിയോൻ എന്ന ദേശാധിപതി അഖായയിൽ വാണിരുന്നതായി ലൂക്കൊസ് വിവരിച്ചിട്ടുണ്ട് (പ്രവൃത്തികൾ 18:12). ബൈബിളിനു പുറത്തു നിന്നു ഇതു ശരിയോ എന്നു പരിശോധിക്കുവാൻ യാതൊരു തെളിവും കിട്ടാതിരുന്നതുകൊണ്ട് ആളുകൾ വിചാരിച്ചതു ബൈബിളിൽ അങ്ങനെ ഒരു തെറ്റു സംഭവിച്ചു എന്നായിരുന്നു. പക്ഷേ കൊരിന്ത്യയിൽ നിന്നു കണ്ടെടുത്ത ഒരു കല്ലിൽ കൊത്തിയിരുന്നത് പരിഭാഷപ്പെടുത്തിയപ്പോൾ ഗല്ലിയോൻ അഖായയിലെ ദേശാധിപതി എ.ഡി. 51-52 എന്ന് എഴുതിയിരുന്നു. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാം സത്യമാണ് എന്ന് നമുക്ക് ഉറപ്പിക്കാം.

## സഭ - പ്രവചനത്തിൽ- നിവർത്തീകരണവും

### ബിൽ ബ്രൗൺ

തിരുവെഴുത്തിൽ ദൈവത്തിന്റെ അരുളപ്പാടുകളും ധാരാളം പ്രവചനങ്ങളും കാണാമല്ലോ. ഓരോ വിഷയത്തെയും സംഭവത്തെയും ദൈവം മുൻകൂട്ടി അറിയിച്ചിരുന്നതായി പഴയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം പിൽക്കാലത്തു നിറവേറുകയും

ചെയ്തിട്ടുണ്ട്. ലോകത്തിൽ ജനിച്ചു വളർന്നു ജീവിക്കുന്ന ഏതൊരാൾക്കും അതിന്റെ ആവശ്യകതയെ അവഗണിക്കാൻ സാദ്ധ്യമല്ല.

"അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതയിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2-3).

അന്ത്യകാലമെന്നതു ആ കാലത്തിലെ അവസാന സമയത്തെ ഉദ്ദേശിച്ചു പറഞ്ഞിരിക്കയാണ്. "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" (എബ്രായർ 1:1-2). അന്ത്യകാലത്തു സംഭവിക്കുവാനുള്ള പ്രവചനമായിരുന്നല്ലോ നാം യെശയ്യാവിൽ നിന്നു കേട്ടത്.

ഒരേ ഒരു കാര്യമായ സഭയെയും രാജ്യത്തെയും മാറി മാറി ഉപയോഗിച്ചിരിക്കയാണ് പ്രവാചകന്മാർ. ദൈവരാജ്യം ശക്തിയോടു കൂടി വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ നിങ്ങളിൽ ചിലർ ഉണ്ട് എന്നു കർത്താവ് പുരുഷാരത്തോടു പറയുകയുണ്ടായി (മർക്കൊസ് 9:1). ദൈവരാജ്യത്തെ കുറിച്ച് യേശുക്രിസ്തുവിന്റെ പ്രവചനം ആയിരുന്നു അത്. പിന്നീട് അവൻ തന്റെ ശിഷ്യന്മാരുമായി സംസാരിക്കുമ്പോൾ അവരോടു: ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കുതരുന്നു. എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നു പറഞ്ഞു (ലൂക്കൊസ് 24:49).

★

## വാർത്തകൾ

### ആർ.എസ്. ഗവായ് കേരള ഗവർണർ

ബിഹാർ ഗവർണറായിരുന്ന ആർ.എസ്. ഗവായിയെ കേരള ഗവർണറായി മാറ്റിനിയമിച്ചു. കേരള ഗവർണർ ആർ.എൽ.ഭാട്യ യാണു ബിഹാറിലെ പുതിയ ഗവർണർ. രാജസ്ഥാനിലെ മുൻ മുഖ്യമന്ത്രി ശിവ്ചരൺ മാഥുറിനെ അസമിലും ബൽമീകി പ്രസാദ് സിങ്ങിനെ സിക്കിമിലും കേരള കേഡർ ഐപിഎസ് ഓഫീ സറും ബിഎസ്എഫ് മുൻ ഡയറക്ടർ ജനറലുമായിരുന്ന ആർ. എസ്. മുഷാഹരിയെ മേഘാലയയിലും ഗവർണർമാരായി നിയ മിച്ചു. ജാർഖണ്ഡ് ഗവർണർ എസ്.എസ്. റാസി ഒറീസയുടെ അധികച്ചുമതല വഹിക്കും.

✶

### മനേക്ഷാ അന്തരിച്ചു

രാജ്യത്തിന്റെ സൈനിക ചരിത്രത്തിൽ പോരാട്ടവീര്യത്തിന്റെ പുതിയ അധ്യായം രചിച്ച കരസേന മുൻ മേധാവി ഫീൽഡ് മാർഷൽ സാം മനേക്ഷാ (94) അന്തരിച്ചു. ശ്വാസകോശ സംബ ന്ധമായ രോഗത്തെ തുടർന്നു വെല്ലിങ്ടൺ മിലിറ്ററി ആശുപത്രി യിൽ തീവ്രപരിചരണ വിഭാഗത്തിലായിരുന്ന അദ്ദേഹത്തിന്റെ അന്ത്യം പുലർച്ചെ ഒരു മണിയോടെയായിരുന്നു.

✶

### സിവിൽ സ്റ്റേഷൻ ഉദ്ഘാടനം

കുടപ്പനക്കുന്നിൽ പണിപൂർത്തിയായി വരുന്ന സിവിൽസ്റ്റേ ഷന്റെ ഉദ്ഘാടനം ജൂലൈ 15നു മുഖ്യമന്ത്രി വി.എസ്. അച്യു താനന്ദൻ നിർവഹിക്കുമെന്ന് നിയമമന്ത്രി എം. വിജയകുമാർ അറിയിച്ചു. ഉദ്ഘാടനത്തിനു മുൻപുതന്നെ അനുബന്ധ റോഡു കളുടെ പണി പൂർത്തിയാക്കും

## സ്വർണ്ണമാല പറിച്ച യുവാവ് പിടിയിൽ

അമ്മയ്ക്കും സഹോദരന്മാർക്കുമൊപ്പം മെഡിക്കൽ കോളജ് ആശുപത്രിയിൽ ബന്ധുവിനെ സന്ദർശിച്ചു മടങ്ങാൻ ബസ് കാത്തുനിന്ന കോളജ് വിദ്യാർത്ഥിനിയുടെ സ്വർണ്ണമാല പിടിച്ചു പറിച്ചോടിയ യുവാവിനെ രോഗികളും കൂട്ടിരിപ്പുകാരും ചേർന്നു പിടികൂടി പോലീസിനു കൈമാറി. മുട്ടട സ്വദേശി കണ്ണൻ (22) ആണ് അറസ്റ്റിലായത്.

✶

## കുഞ്ഞുങ്ങൾക്ക് ശ്വാസം കിട്ടാതോട്ടം

വ്യവസ്ഥയും മാനദണ്ഡങ്ങളും പാലിക്കാതെ ഓട്ടോറിക്ഷകൾ ഉൾപ്പെടെ ആയിരത്തിലധികം സ്വകാര്യ വാഹനങ്ങൾ നഗരത്തിൽ വിദ്യാർത്ഥികളുമായി പറക്കുന്നു. അഞ്ചോ ആറോ കുട്ടികൾക്കിരിക്കാവുന്ന ഓട്ടോയിൽ പത്തും ഇരുപതും പേരെ കുത്തിനിറച്ചാണു യാത്ര. അമ്പലമുക്കിൽ ഇന്നലെ അപകടത്തിൽപ്പെട്ട ഓട്ടോയിലുണ്ടായിരുന്നത് 17 വിദ്യാർത്ഥികളായിരുന്നു.

✶

## ലഹരിക്കെതിരെ മുതുകാടിന്റെ ഇല്യൂഷൻ ജാലവിദ്യ

ലഹരി മരുന്നിനും പുകയിലയ്ക്കുമെതിരെ പൊതുനിരത്തിൽ ഗോപിനാഥ് മുതുകാടിന്റെ ഇല്യൂഷൻ ജാലവിദ്യ.

ലഹരി മരുന്നിൽ മയങ്ങിക്കിടക്കുന്ന ചെറുപ്പക്കാരനെ ഭീമൻ സിഗററ്റിൽ തറച്ചായിരുന്നു ജാലവിദ്യ.

## പൂവാല ശല്യം: പ്രതികരിക്കാം

വിടാതെ പിന്തുടരുന്ന പൂവാലശല്യത്തെപ്പറ്റി നിങ്ങൾക്കും പ്രതികരിക്കാം. മെട്രോ മനോരമ ഒരു വേദിയാകട്ടെ. പൂവാലനെ നേരിട്ടതിന്റെ അനുഭവമാകാം. നഗരത്തിലെ പൂവാല ശല്യത്തെപ്പറ്റിയുള്ള നിരീക്ഷണമാകാം. ഇവരുടെ ശല്യം അവസാനിപ്പിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളാകാം.

✱

## ഇന്ത്യയുമായുള്ള ബന്ധം ആഗോള പുരോഗതിക്ക് പ്രധാനം: യുഎസ്

ആഗോള സമ്പദ് വ്യവസ്ഥയുടെ പുരോഗതിക്കും വിജയത്തിനും ഇന്ത്യ - യുഎസ് ബന്ധം സുപ്രധാന ഘടകമാണെന്നും ഈ ബന്ധം നിലനിർത്താൻ പ്രതിജ്ഞാബദ്ധമാണെന്നും യുഎസ്. ഇന്ത്യയുമായുള്ള ഉഭയകക്ഷി നിക്ഷേപ കരാറിൽ യുഎസ്. ഉറച്ചു നിൽക്കുമെന്നും രാജ്യാന്തരകാര്യ ചുമതലയുള്ള ട്രഷറി അണ്ടർ സെക്രട്ടറി ഡേവിഡ് മക്കോർമിക് പറഞ്ഞു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ പ്രതിനിധി സംഘത്തിനു യുഎസ് ഇന്ത്യ ബിസിനസ് കൗൺസിൽ നൽകിയ വിരുന്നിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ സാമ്പത്തിക മേഖലയിൽ കൂടുതൽ ഉദാരവൽക്കരണം ആവശ്യമാണെന്നും എങ്കിൽ മാത്രമെ ഇന്ത്യയിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

✱

## വളർച്ചയ്ക്ക് വായന ആവശ്യം: മന്ത്രി

ശാസ്ത്ര - സാങ്കേതിക വിദ്യകളിൽ വൈജ്ഞാനിക വളർച്ചയ്ക്കു വായനയും പുസ്തകവും അത്യന്താപേക്ഷിതമാണെന്നു ധനമന്ത്രി തോമസ് ഐസക്. വായനാദിന - വാരാചരണത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

**Hindi** Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019

**Malayalam** Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday at 6 a.m. in Jaihind TV.

**Tamil** Mondays, Tuesdays, Thursdays,
Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu** Sundays, Mondays, Wednesdays,
Thursdays, 2.00 P.M-2.15 P.M. Speaker,
Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 July**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378